ക്യു(2)/11756/2019/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം,
തീയതി : 11/04/2019

# സർക്കുലർ

വിഷയം:- അവധിക്കാല അധ്യാപക പരിശീലനം 2019-20 - സംബന്ധിച്ച്

സൂചന :- നം. ക്യൂ.ഐ.പി 2/11756/2019 ഡി.പി.ഐ. തീയതി 22.3.2019

അവധിക്കാല അധ്യാപക പരിശീലനം സംബന്ധിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടർ 22.3.2019 ന് ഇറക്കിയ സർക്കുലറിൽ പറഞ്ഞ കാര്യങ്ങൾ കൃത്യമായി മോണിട്ടർ ചെയ്യേണ്ടതാണ്. സർക്കുലറിൽ സൂചിപ്പിച്ച പ്രകാരം 4 ദിവസത്തെ അക്കാദമിക പരിശീലനവും 4 ദിവസത്തെ ഐ.സി.ടി. പരിശീലനവും ആണ് ഉണ്ടാവുക.

ഐ.സി.ടി പരിശീലനം കൈറ്റിന്റെ നേതൃത്വത്തിൽ നടക്കും. ഇതു സംബന്ധിച്ച് വിശദാംശം കൈറ്റ് നൽകും.

മേൽ സൂചനയിൽ പറഞ്ഞ **പരിശീലന തീയതികളിൽ ചില മാറ്റങ്ങൾ വരുത്തേണ്ടി വന്നിട്ടുണ്ട്**. അക്കാര്യം പ്രത്യേകം ശ്രദ്ധിക്കണം.

പ്രൈമറി തലത്തിലും സെക്കണ്ടറി തലത്തിലും കോർ എസ്.ആർ.ജി എസ്.സി.ഇ.ആർ.ടിയുടെ നേതൃത്വത്തിൽ പൂർത്തിയായി.

**ഏകോപനം** : സൂചന സർക്കുലറിൽ പറഞ്ഞ പ്രകാരം ഡി.ഡി.ഇയുടെ നേതൃത്വത്തിൽ ഡയറ്റ് പ്രിൻസിപ്പൽ, സമഗ്രശിക്ഷാ ഡി.പി.ഒ, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം കോ- ഓർഡിനേറ്റർ, കൈറ്റ് ജില്ലാ കോ-ഓർഡിനേറ്റർ എന്നിവരടങ്ങിയ ജില്ലാ സമിതി കൃത്യമായ ഇടവേളകളിൽ യോഗം ചേർന്ന് പരിശീലനം സംബന്ധിച്ച കാര്യങ്ങൾ മോണിറ്റർ ചെയ്യണം. ഡി.ഇ.ഒ.മാരെ ഈ യോഗത്തിൽ പങ്കെടുപ്പിക്കാവുന്നതാണ്. ഏകോപനത്തിനുള്ള യോഗങ്ങൾ സമയബന്ധിതമായി നടക്കുന്നുവെന്നു ഉറപ്പാക്കുന്നതിന്റെ ചുമതല പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം കോ- ഓർഡിനേറ്റർക്ക് നൽകുന്നു. എല്ലാവരുടെയും കൂട്ടായ പ്രവർത്തനം പരിശീല പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് അനിവാര്യമാണ്.

## <u>മുൻ സർക്കുലർ പ്രകാരം താഴെപറയുന്ന ചുമതലകൾ സമിതിക്ക് നൽകിയിരുന്നു.</u>

1. ഏറ്റവും അനുയോജ്യമായ പരിശീലനകേന്ദ്രങ്ങൾ കണ്ടെത്തുക. ഐ.സി.റ്റി. ഇന്റഗ്രേഷനും സമഗ്ര പോർട്ടലിന്റെ വിനിയോഗവും നടത്തേണ്ടതിനാൽ അതിനനുയോജ്യമായ കേന്ദ്രങ്ങളാകണം കണ്ടെത്തേണ്ടത്.

2. നല്ല വേനൽകാലമായതിനാൽ സൗകര്യപ്രദമായ ഇരിപ്പിടം, കുടിവെള്ളം, ഫാൻ ഇവയെല്ലാം പ്രധാനമാണ്. ഇതെല്ലാം ഉറപ്പാക്കണം.

3. പ്രൈമറിതലത്തിൽ ജില്ലയിൽ ആവശ്യമായ എസ്.ആർ.ജി.മാർ, ഡി.ആർ.ജി.മാർ
എന്നിവർ പരിശീലനം നേടിയിട്ടുണ്ടെന്ന് ഉറപ്പാക്കണം. പരിശീലനത്തിന്റെ ഗുണ
തയ്ക്ക് റിസോഴ്സ് പേഴ്സൺസിന്റെ മികവ് വളരെ പ്രധാനമാണ്.

4. സെക്കൻഡറിതലത്തിൽ എസ്.ആർ.ജി. പരിശീലനം പ്രധാനമാണ്. ഓരോ വിദ്യാഭ്യാ
സജില്ലയിൽനിന്നും ഓരോ വിഷയത്തിന് 6 അധ്യാപകരെ കണ്ടെത്തി മുൻഗണനാടി
സ്ഥാനത്തിൽ ലിസ്റ്റു ചെയ്യണം. താഴെപറയുന്ന വിഷയങ്ങൾക്കാണ് എസ്.ആർ.ജി.
മാരെ ആവശ്യമുള്ളത്.

1. മലയാളം 2. ഇംഗ്ലീഷ് 3. ഹിന്ദി 4. തമിഴ് 5. കന്നഡ 6. അറബിക് 7.
ഉറുദു 8. സംസ്കൃതം 9 കെമിസ്ട്രി 10. ഫിസിക്സ് 11. ബയോളജി 12.
സോഷ്യൽ സയൻസ് 13. ഗണിതം 14. കല 15. കായികം 16. പ്രവൃത്തി പരി
ചയം

അധ്യാപകരുടെ പേര്, മേൽവിലാസം, ഫോൺ നമ്പർ, ഇ-മെയിൽ ഐ.ഡി. എന്നിവ
ശേഖരിക്കുന്നത് അറിയിപ്പുകൾ കൃത്യസമയത്ത് നൽകുന്നതിനു സഹായകമാകും.

5. അധ്യാപക പരിശീലനത്തിന് ഡയറ്റുകൾക്ക് നിർണായക പങ്കുണ്ടാകണം. കോർ
എസ്.ആർ.ജി., എസ്.ആർ.ജി. എന്നീ ടീമുകളിലേയ്ക്ക് ഡയറ്റുകളുടെ പങ്കാളിത്തം
ജില്ലാതലത്തിൽ ലിസ്റ്റുകൾ ക്രോഡീകരിക്കുമ്പോൾ ഉറപ്പാക്കണം.

6. ജില്ലാതല സമിതി അടിയന്തിരമായി യോഗം ചേർന്ന് അവധിക്കാല അധ്യാപക പരിശീ
ലനത്തിനായി ഈ സർക്കുലറിൽ പറയുന്ന കാര്യങ്ങളുമായി ബന്ധപ്പെട്ട് ആവശ്യ
മായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## പരിശീലന ഷെഡ്യൂൾ

### പ്രൈമറി

മൊഡ്യൂൾ റിവിഷൻ & മെച്ചപ്പെടുത്തൽ - ഏപ്രിൽ 10 മുതൽ 12 വരെ

ഡി.ആർ.ജി - ഏപ്രിൽ 26 മുതൽ 30 വരെ പ്ലാനിംഗ് - ഏപ്രിൽ 25

ഫീൽഡ് ലെവൽ പരിശീലനം - പ്ലാനിംഗ് മെയ് 6

സ്പെൽ 1 മെയ് 7 മുതൽ 10 വരെ

സ്പെൽ 2 മെയ് 13 മുതൽ 16 വരെ

വേണ്ടി വന്നാൽ ഒരു സ്പെൽ കൂടി നടത്തുന്നതായിരിക്കും. ഇക്കാര്യം
ആവശ്യാനുസരണം തീരുമാനിക്കും.

### സെക്കണ്ടറി

എസ്.ആർ.ജി - മെയ് 2 മുതൽ 5 വരെ - പ്ലാനിംഗ് ഏപ്രിൽ 30, മെയ് 1

സോണൽ എസ്.ആർ.ജി - മെയ് 8 മുതൽ 11 വരെ - പ്ലാനിംഗ് മെയ് 7

ഫീൽഡ് ലെവൽ പരിശീലനം - സ്പെൽ 1 മെയ് 13 മുതൽ 16 വരെ

സ്പെൽ 2 മെയ് 17 മുതൽ 21 വരെ

അനിവാര്യമായ ഘട്ടത്തിൽ ചില വിഷയങ്ങൾക്ക് ഒരു സ്പെല്ലുകൂടി നടത്തുന്നതായിരിക്കും. അധ്യാപകരുടെ എണ്ണം കൂടുതലുള്ള ജില്ലകളിലും ഈവിധത്തിൽ ക്രമീകരണം വരുത്തും.

## സെക്കൻഡറിതലത്തിലെ അവധിക്കാല അധ്യാപക പരിശീലനപരിപാടിയുടെ സംഘാടനം സംബന്ധിച്ച്

2019–20 വർഷത്തെ അവധിക്കാല അധ്യാപക പരിശീലനത്തിനു മുന്നോടിയായുള്ള സെക്കൻഡറി വിഭാഗം കോർ എസ്.ആർ.ജി. പരിശീലനങ്ങൾ രണ്ടു സ്പെല്ലുകളിലായി സംഘടിപ്പിച്ചിരുന്നു. തുടർപ്രവർത്തനങ്ങൾ താഴെ ചേർത്തപ്രകാരം ആകാം.

1. കോർ എസ്.ആർ.ജി ശില്പശാലകളിൽ തയ്യാറാക്കിയ മൊഡ്യൂളിന്റെ അടിസ്ഥാനത്തിൽ സെക്കണ്ടറി വിഭാഗം എസ്.ആർ.ജി റസിഡൻഷ്യൽ ക്രിയേറ്റീവ് ശില്പശാലകൾ 2019 മെയ് 2 മുതൽ 5 വരെ തീയതികളിലായി സംഘടിപ്പിക്കേണ്ടതാണ്. ഏപ്രിൽ 30, മെയ് 1 തീയതികളിൽ ഇതിനായുള്ള പ്ലാനിംഗ് നടത്താവുന്നതാണ്.

2. സെക്കണ്ടറി വിഭാഗം എസ്.ആർ.ജി റസിഡൻഷ്യൽ ക്രിയേറ്റീവ് ശില്പശാലകൾ സംഘടിപ്പിക്കുന്നതിന് ഡയറ്റുകളെ ചുമലതപ്പെടുത്തുന്നു.

3. 14 ഡയറ്റുകളും ഏതെങ്കിലും ഒരു വിഷയത്തിന്റെ ആദ്യഘട്ട എസ്.ആർ.ജി. നടത്തേണ്ടി വരും ഏതെങ്കിലും ഒരു ഡയറ്റ് രണ്ട് എസ്.ആർ.ജി. നടത്തുന്നതിന്റെ ഉത്തരവാദിത്തം ഏറ്റെടുക്കേണ്ടിവരും. ഒരു എസ്.ആർ.ജി.യിൽ 50 പേരാണ് ആകെയുണ്ടാകുക. ഒരു റവന്യു ജില്ലയിൽ നിന്നും ഒരു വിഷയത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന 3 പേർ വീതവും കോർ എസ്.ആർ.ജി അംഗങ്ങളും സംഘാടകരും) ഏത് ഡയറ്റ് ഏതു വിഷയം എസ്.ആർ.ജി നടത്തുമെന്ന കാര്യം സമഗ്രശിക്ഷാ കേരളം പൊതുവിദ്യഭ്യാസ ഡയറക്ടർ മുഖേന ഡയറ്റുകളെ അറിയിക്കുന്നതാണ്.

4. പ്രസ്തുത റസിഡൻഷ്യൽ ക്രിയേറ്റീവ് ശില്പശാലകൾ നിലവിലുള്ള ധനവിനിയോഗ മാനദണ്ഡപ്രകാരം നിർവഹിക്കുകയും ബില്ലുകളും വൗച്ചറുകളും ലഭ്യമാക്കുന്ന മുറയ്ക്ക് ഡയറ്റുകൾക്ക് പണം സമഗ്ര ശിക്ഷാ, കേരളയിൽ നിന്ന് റീ ഇംബേഴ്സ് ചെയ്ത് നൽകുന്നതുമാണ്.

5. സെക്കൻഡറി വിഭാഗം എസ്.ആർ.ജി. ശില്പശാല നടക്കുന്ന കേന്ദ്രങ്ങളിൽ അതാത് വിഷയങ്ങളുടെ എക്സ്പെർട്ട് ആയി എസ്.സി.ഇ.ആർ.ടി. ഫാക്കൽറ്റികളെ പങ്കെടുപ്പിക്കാവുന്നതാണ്.

6. ഒന്നാം ഘട്ട എസ്.ആർ.ജി പരിശീലനത്തിൽ **ഓരോ റവന്യു ജില്ലയിൽ നിന്നും ബന്ധപ്പെട്ട വിഷയങ്ങളുടെ മൂന്നു പേരെ വീതം പങ്കെടുപ്പിക്കേണ്ടതാണ്.** ഈ പരിശീലനത്തിന് അനുയോജ്യരായവകരെ കണ്ടെത്തി അവരുടെ വിശദവിവരങ്ങൾ സമഗ്രശിക്ഷയുടെ ജില്ലാ പ്രോജക്ട് ഓഫീസർക്ക് കൈമാറുകയും അവർ **ഏപ്രിൽ 17 ന് 3 മണിയ്ക്ക് മുമ്പ്** ഇക്കാര്യങ്ങൾ അപ്ലോഡ് ചെയ്ത് സംസ്ഥാന ഓഫീസിന് കൈമാറേണ്ടതാണ്. സംസ്ഥാന ഓഫീസ് ഡി.പി.ഐക്കും എസ്.സി.ഇ.ആർ.ടി ഡയറക്ടർക്കും വിഷയക്രമത്തിൽ ക്രോഡീകരിച്ച് ലിസ്റ്റ് നൽകേണ്ടതാണ്.

7. രണ്ടാം ഘട്ടത്തിൽ എസ്.ആർ.ജി റസിഡൻഷ്യൽ ക്രിയേറ്റീവ് ശില്പശാലകൾ വിദ്യാഭ്യാസ ജില്ലാടിസ്ഥാനത്തിൽ കണ്ടെത്തുന്ന എസ്.ആർ.ജി. അംഗങ്ങൾക്ക് സോണലായി ഒരുക്കുന്നതാണ്. ഈ സോണൽ എസ്.ആർ.ജി.യിൽ വിവിധ ജില്ലകളുടെ ആവശ്യകത പരിഗണിച്ച് എസ്.ആർ.ജി. അംഗങ്ങളുടെ എണ്ണത്തിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകും. ഈ സോണൽ പരിശീലനത്തിന്റെ ചുതലയും ഡയറ്റുകൾക്കാകും. ഒരു ഡയറ്റിൽ 2 ബാച്ചുകൾ വരെ നടത്തേണ്ടി വരാം. ഇതു സംബന്ധിച്ച കൃത്യമായ വിവരം സമഗ്രശിക്ഷാ കേരളം, ഡി.പി.ഐ യുമായി ആലോചിച്ച് നൽകുന്നതാണ്.

8. എസ്.ആർ.ജി. ടീമിന്റെ ഭാഗമാകുന്നതിനായി **ഓരോ വിദ്യാഭ്യാസ ജില്ലയിൽ നിന്നും ഓരോ വിഷയത്തിന് 6 വീതം അധ്യാപകരെ കണ്ടെത്തി മുൻഗണനാടിസ്ഥാനത്തിൽ** ബന്ധപ്പെട്ട ഡി.ഇ.ഒ.മാർ ലിസ്റ്റ് ചെയ്ത് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, ഡയറ്റ് പ്രിൻസിപ്പാൾ, സമഗ്ര ശിക്ഷാ ജില്ലാ പ്രോജക്ട് ഓഫീസർ, പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം കോ–ഓർഡിനേറ്റർ, കൈറ്റ് ജില്ലാ കോ–ഓർഡിനേറ്റർ എന്നിവരടങ്ങുന്ന സമിതിക്ക് സമർപ്പിക്കേണ്ടതാണ്. ലിസ്റ്റ് സമിതിക്കുവേണ്ടി ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ശേഖരിക്കാൻ വേണ്ട നടപടി സമഗ്ര ശിക്ഷായുടെ ജില്ലാതലത്തിൽ ഉണ്ടാക്കണം. എസ്.ആർ.ജി.മാരെ കണ്ടെത്തുന്നതിന് ഡയറ്റ്, പൊതു വിദ്യാഭ്യാസ സംരക്ഷയയജ്ഞം കോ–ഓർഡിനേറ്റർ എന്നിവരിൽ നിന്ന് ലഭ്യമാക്കുന്ന നിർദേശങ്ങളും പരിഗണിക്കണം. പരിശീലനത്തിന് നേതൃത്വം നൽകാൻ ഏറ്റവും മികച്ച എസ്.ആർ.ജി. ടീം ഉണ്ടാകണം എന്നതാണ് പ്രധാനം. ഈ അധ്യാപകരുടെ പൂർണ്ണവിലാസവും ഫോൺ നമ്പരും ഇ–മെയിൽ ഐ.ഡിയും അടക്കം നൽകുന്ന വിശദാംശം ജില്ലാ സമിതിയുടെ പരിശോധനയ്ക്ക് ശേഷം സമഗ്രശിക്ഷ കേരളത്തിന്റെ ജില്ലാ പ്രോജക്ട് ഓഫീസർക്ക് കൈമാറേണ്ടതും അവർ **മെയ് 20 വൈകിട്ട് 5 മണിക്കകം സംസ്ഥാന ഓഫീസിന് ലഭിക്കത്തക്കവിധം അപ്ലോഡ്** ചെയ്യേണ്ടതുമാണ്. സംസ്ഥാന ഓഫീസ് ഡി.പി.ഐക്കും എസ്.സി.ഇ.ആർ.ടി ഡയറക്ടർക്കും വിഷയക്രമത്തിൽ സോണൽ അടിസ്ഥാനത്തിൽ ക്രോഡീകരിച്ച് ലിസ്റ്റ് നൽകേണ്ടതാണ്.

9. പരിശീലനകേന്ദ്രങ്ങൾ (ഫീൽഡ്തലം ഉൾപ്പെടെ) പൊതു വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ പ്രോജക്ട് ഓഫീസർ (സമഗ്ര ശിക്ഷാ) ഡയറ്റ് പ്രിൻസിപ്പൽ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം കോ–ഓർഡിനേറ്റർ കൈറ്റ് ജില്ലാ കോ–ഓർഡിനേറ്റർ എന്നിവർ കൂടിയാലോചിച്ചാകണം കണ്ടെത്തേണ്ടത്.

## <u>പ്രൈമറി വിഭാഗം അധ്യാപക പരിശീലനം ചുവടെ പറയുന്ന രീതിയിൽ ക്രമീകരിക്കണം</u>

1. എൽ.പി. വിഭാഗത്തിൽ ഒരു ബി.ആർ.സി.യിലെ ഓരോ പരിശീലനകേന്ദ്രത്തിലും ഒന്നാം ക്ലാസ്സിലെ 12 പേർ, രണ്ടാം ക്ലാസ്സിലെ 12 പേർ, മൂന്നാം ക്ലാസ്സിലെ 12 പേർ, നാലാം ക്ലാസ്സിലെ 12 പേർ എന്ന കണക്കിൽ ആകെ 48 പേർ ഓരോ ബാച്ചിലും പങ്കെടുക്കണം. പ്രസ്തുത കേന്ദ്രത്തിൽ ആർ.പി.മാരായി 5 പേർ ഉണ്ടാകണം. ഒരാൾ ഇന്റഗ്രേഷനും, മറ്റൊരാൾ മലയാളവും, മൂന്നാമത്തെയാൾ ഇംഗ്ലീഷും, നാലാമത്തെയാൾ പരിസരപഠനവും, അഞ്ചാമത്തെയാൾ ഗണിതവും കൈകാര്യം ചെയ്യും. അറബി അധ്യാപകർ പങ്കെടുക്കുന്ന പരിശീലന കേന്ദ്രങ്ങളിൽ പ്രസ്തുത വിഷയത്തിന്റെ ഒരു റിസോഴ്സ് പേഴ്സൺ കൂടെ ഉണ്ടാകണം. തമിഴ്/കന്നഡ മീഡിയം വിദ്യാലയങ്ങളിൽ നിന്ന് വരുന്ന അധ്യാപകർക്ക് മേൽ സൂചിപ്പിച്ച ചേരുവയിൽ പ്രത്യേക കേന്ദ്രങ്ങളിൽ പരിശീലനങ്ങൾ ഒരുക്കണം.

2. എൽ.പി. വിഭാഗം അറബി അധ്യാപകർ എൽ.പി. പൊതുവിഭാഗം അധ്യാപകരോടൊപ്പം പരിശീലനത്തിൽ പങ്കെടുക്കണം.

3. യു.പി. വിഭാഗത്തിലെ ഒരു ബി.ആർ.സി.യിൽ ഒരു കേന്ദ്രത്തിൽ ഇംഗ്ലീഷ് പഠിപ്പിക്കുന്ന 8 പേരും, മലയാളം പഠിപ്പിക്കുന്ന 8 പേരും സയൻസ് പഠിപ്പിക്കുന്ന 8 പേരും, ഗണിതം പഠിപ്പിക്കുന്ന 8 പേരും, സാമൂഹ്യശാസ്ത്രം പഠിപ്പിക്കുന്ന 8 പേരും എന്ന കണക്കിൽ ആകെ 40 പേർ ഓരോ ബാച്ചിലും പങ്കെടുക്കണം. പ്രസ്തുത കേന്ദ്രത്തിൽ ആർ.പി.മാരായി 5 പേരുണ്ടാകണം. അതിൽ ഒരാൾ മലയാളവും രണ്ടാമത്തെയാൾ ഇംഗ്ലീഷും മൂന്നാമത്തെയാൾ സയൻസും നാലമത്തെയാൾ ഗണിതവും അഞ്ചാമത്തെയാൾ സോഷ്യൽ സയൻസും കൈകാര്യം ചെയ്യുന്നവരാകണം.

4. യു.പിയിൽ ഓരോ ബി.ആർ.സി തലത്തിലോ അല്ലെങ്കിൽ ജില്ലാതലത്തിലോ ഹിന്ദി പഠിപ്പിക്കുന്ന 10 പേരും അറബി പഠിപ്പിക്കുന്ന 10 പേരും, ഉറുദു പഠിപ്പിക്കുന്ന 10 പേരും, സംസ്കൃതം (എൽ.പി, യു.പി വിഭാഗം ഒരുമിച്ച്) പഠിപ്പിക്കുന്ന 10 പേരും എന്ന കണക്കിൽ ആകെ 40 പേർ ഓരോ ബാച്ചിലും പങ്കെടുക്കണം. പ്രസ്തുത കേന്ദ്രങ്ങളിൽ ആർ.പിമാരായി 4 പേർ ഉണ്ടാകണം. അതിൽ ഒരാൾ ഹിന്ദിയും രണ്ടാമത്തെയാൾ അറബിയും മൂന്നാമത്തെയാൾ ഉറുദുവും നാലാമത്തെയാൾ സംസ്കൃതവും കൈകാര്യം ചെയ്യണം.

5. അനിവാര്യമായ ഘട്ടത്തിൽ അധ്യാപകർക്ക് കഴിഞ്ഞ വർഷത്തെപ്പോലെ ജില്ലാ മാറി പങ്കെടുക്കാം. അതിന് മുൻ വർഷങ്ങളിൽ പാലിച്ചിരുന്ന നടപടി ക്രമങ്ങളിൽ യാതൊരു മാറ്റവും വരുത്തിയിട്ടില്ല.

6. പരിശീലനത്തിൽ പങ്കെടുക്കുന്ന അധ്യാപകർ ലാപ്ടോപ്പ്, പാഠപുസ്തകം, അധ്യാപക സഹായി, ടീച്ചിംഗ് മാന്വൽ, ഐ.ടി അധിഷ്ഠിത പഠനത്തിന് സഹായകരമായ റിസോഴ്സ് മെറ്റീരിയലുകൾ, സ്കൂളിലെ മികച്ച മാതൃകകൾ, കഴിഞ്ഞ അർദ്ധവാർഷിക പരീക്ഷയിൽ ക്ലാസ്സിലെ കുട്ടികൾ നേടിയ നിലവാരം സംബന്ധിച്ച രേഖ എന്നിവ കൊണ്ടുവരുന്നതിന് നിർദ്ദേശം നൽകേണ്ടതാണ്.

7. അധ്യാപക പരിശീലനത്തിന് ഒരു അധ്യാപകൻ/ അധ്യാപികയ്ക്ക് പ്രതിദിനം 125/- രൂപ ക്രമത്തിൽ മെസ് അലവൻസ് നൽകാവുന്നതാണ്. (സാമ്പത്തിക വിനിയോഗ വിവരങ്ങൾ സമഗ്രശിക്ഷാ കേരളം നൽകും.)

8. അധ്യാപക പരിശീലനത്തിന് ആളൊന്നിന് 30/- രൂപ നിരക്കിൽ സ്റ്റേഷനറി ഇനത്തിൽ വിനിയോഗിക്കാം. (സാമ്പത്തിക വിനിയോഗ വിവരങ്ങൾ സമഗ്രശിക്ഷാ കേരളം നൽകും.)

9. പരിശീലനത്തിനായി കൈറ്റ് തയ്യാറാക്കിയ ടീച്ചിംഗ് മാനേജ്മെന്റ് സോഫ്റ്റ്‌വെയർ വഴി അധ്യാപകർ അപേക്ഷിക്കണം. കൈറ്റ് സമഗ്രശിക്ഷയുടെ ജില്ലാ ഓഫീസർമാരുമായി ആലോചിച്ച് പരിശീലന പങ്കാളികളുടെ വിന്യാസക്രമം നിശ്ചയിക്കണം.

10. തന്റെ സ്കൂളിലെ എല്ലാ അധ്യാപകരും ഓൺലൈൻ രജിസ്ട്രേഷൻ ചെയ്തു എന്ന് പ്രഥമ അധ്യാപകർ ഉറപ്പുവരുത്തണം. അതോടൊപ്പം എല്ലാ അധ്യാപകരും പരിശീലനം നേടിയെന്നും ഉറപ്പുവരുത്തേണ്ടതാണ്.

11. ഐ.ടി പരിശീലനവും ഇതേ കാലഘട്ടത്തിൽ നടക്കുന്നതിനാൽ ഒരേ സമയം രണ്ട് പരിശീലന കേന്ദ്രങ്ങളിലേക്ക് ഒരു അധ്യാപിക/അധ്യാപകൻ നിയോഗിക്കപ്പെടുന്ന അവസ്ഥ ഉണ്ടാകരുത്.

12. റിസോഴ്സ് പേഴ്സണുകളുടെ കാര്യത്തിലും അക്കാദമിക പരിശീലനത്തിലും ഐ.ടി പരിശീലനത്തിലും വല്ല ഇരട്ടിപ്പുകൾ വരുന്നുണ്ടെങ്കിൽ അഥവാ ഒരു റിസോഴ് പേഴ്സൺ രണ്ടിടത്തും നിയോഗിക്കപ്പെടുന്നുണ്ടെങ്കിൽ ഇത്തരം കാര്യങ്ങൾ ജില്ലയിൽ വെച്ചുതന്നെ ജില്ലാസമതിയിൽ ചർച്ച ചെയ്ത് ആവശ്യമായ ക്രമീകരണങ്ങൾ വരുത്തേണ്ടതാണ്. ഈ രണ്ട് പരിശീലനവും മികച്ച നിലയിൽ നടത്തുക എന്നത് വിദ്യാഭ്യാസ വകുപ്പിന്റെ ഉത്തരവാദിത്വമാണ്.

13. പ്രൈമറി വിഭാഗം ആർട്ട്, പ്രവൃത്തി പരിചയം, കായിക വിദ്യാഭ്യാസം എന്നീ വിഷയങ്ങളുടെ അധ്യാപകർ ഇതേ വിഷയങ്ങളുടെ സെക്കണ്ടറി വിഭാഗം പരിശീലനത്തിലാണ് പങ്കെടുക്കേണ്ടത്.

14. പ്രഥമാധ്യാപകർ ആദ്യ സ്പെൽ പരിശീലനത്തിൽ പങ്കെടുക്കുന്നതാണ് അഭികാമ്യം.

സി. രാഘവൻ
പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ
(അക്കാദമിക്)

<u>സ്വീകർത്താവ്</u>

1. എസ്.സി.ഇ.ആർ.ടി ഡയറക്ടർക്ക്
2. സമഗ്രശിക്ഷാ, കേരളം ഡയറക്ടർക്ക്
3. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം സി.ഒയ്ക്ക്
4. വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർക്ക്
5. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
6. എല്ലാ ഡയറ്റ് പ്രിൻസിപ്പൽമാർക്കും
7. എല്ലാ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ജില്ലാ കോ-ഓർഡിനേറ്റർമാർക്കും
8. എല്ലാ ജില്ല, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
9. എല്ലാ പ്രഥമാധ്യാപകർക്കും (ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)